ശബരിമല പുല്ലുമേട് ദുരന്തവും കണമല ദുരന്തവും

211(419) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലപുല്ലുമേട് ദുരന്തത്തെക്കുറിച്ചുള്ള ജുഡീഷ്യൽ അന്വേഷണത്തിന് ഹൈക്കോടതി സിറ്റിംഗ് ജഡ്ജിയുടെ സേവനം ലഭ്യമാക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(ബി) അന്വേഷണ കാര്യങ്ങളിൽ എന്തൊക്ക കാര്യങ്ങൾ ഉൾപ്പെടുമെന്ന് വ്യക്തമാക്കുമോ ;

(സി) ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് എത്ര ലക്ഷം രൂപ വീതം നൽകാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത തുക സർക്കാർ ഒറ്റക്കാണോ അതോ സർക്കാരും ദേവസ്വം ബോർഡും സംയുക്തമായാണോ നൽകുക ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) 2010-ലെ കണമല ദുരന്തത്തിൽപ്പെട്ടവരുടെ കുടുംബങ്ങൾക്ക് എത്ര രൂപ വീതം നൽകുമെന്നായിരുന്നു പ്രഖ്യാപനം നടത്തിയിരുന്നത് ;

(എഫ്) ഇതിൽ എത്ര തുക എത്രപേരുടെ കുടുംബങ്ങൾക്ക് ഇതിനകം നൽകി; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ജി) പുല്ലുമേട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനും ഭക്തരുടെ സുരക്ഷ ഉറപ്പാക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കും ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) അന്വേഷണ വിഷയങ്ങൾ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

(സി&ഡി) മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സർക്കാരും ദേവസ്വം ബോർഡും സംയുക്തമായി 5 ലക്ഷം രൂപ വീതം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ സർക്കാർ രണ്ടര ലക്ഷം രൂപ വീതം നൽകാൻ തീരുമാനിക്കുകയും ദേവസ്വം ബോർഡിന് രണ്ടര ലക്ഷം വീതം നൽകാൻ അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ദേവസ്വം ബോർഡ് ടി തുക നൽകാൻ തീരുമാനിച്ച് ബഹു. ഹൈക്കോടതിയുടെ അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ഇ) കണമല ദുരന്തത്തിൽപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 5 ലക്ഷം രൂപ വീതം ദേവസ്വം ബോർഡിൽ നിന്നും നൽകുവാൻ അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ബഹു. ഹൈക്കോടതിയുടെ അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ഒരു ലക്ഷം രൂപ വീതം ആശ്രിതർക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനും സുരക്ഷിതത്വമുറപ്പാക്കാനുമായി മാസ്റ്റർപ്ലാനിലെയും ചന്ദ്രശേഖരമേനോൻ കമ്മീഷനുലെയും കാതലായ ശിപാർശകൾ പഠിച്ച് സമന്വയിപ്പിച്ച് എന്തൊക്കെ നടപടികൾ ചെയ്യാൻ സാധിക്കുമെന്നതടക്കമുള്ള കാര്യങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു. ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള വിവിധ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനുള്ള അടിയന്തര നടപടികളും ഹൈപവർകമ്മിറ്റിയുടെ കീഴിൽ നടന്നുവരുന്നു.

ശബരിമല പുല്ലുമേട് ദുരന്തത്തിൽപ്പെട്ടവർക്ക് നടപ്പിലാക്കിയ ആശ്വാസ പദ്ധതികൾ

212(420) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല പുല്ലുമേട് ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും എന്തൊക്കെ ആശ്വാസ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദീകരിക്കുമോ ;

(ബി) ശബരിമല പുല്ലുമേട് ദുരന്തം സംബന്ധിച്ച അന്വേഷണത്തിന്റെ പുരോഗതി വിശദീകരിക്കുമോ ;

(സി) ഇപ്രകാരമുള്ള ദുരന്തങ്ങൾ ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദീകരിക്കാമോ ?

ഉത്തരം

(എ) ശബരിമല പുല്ലുമേട് ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് സർക്കാർ ധനസഹായമായി രണ്ടര ലക്ഷം രൂപയും ദേവസ്വം ബോർഡിന്റെ ധനസഹായമായി രണ്ടര ലക്ഷം രൂപയും (മൊത്തം 5 ലക്ഷം രൂപ) നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഗുരുതരമായി പരിക്കേറ്റവർക്ക് 50,000 രൂപയും ചെറിയ പരിക്കുള്ളവർക്ക് 25,000 രൂപയും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ നിന്നും മരിച്ചവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും നൽകുമെന്നറിയിച്ചിട്ടുണ്ട്. ദേവസ്വം ബോർഡിന്റെ തുക നൽകുന്ന കാര്യത്തിൽ അനുമതിക്കായി ബോർഡ് ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്.

(ബി) പുല്ലുമേട് ദുരന്തത്തെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിന് ഹൈക്കോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജിയുടെ സേവനം സർക്കാർ അഭ്യർത്ഥിച്ചുവെങ്കിലും ജഡ്ജിമാരുടെ എണ്ണം കുറവായ കാരണത്താൽ സിറ്റിംഗ് ജഡ്ജിയുടെ സേവനം നൽകാൻ നിർവാഹമില്ല എന്ന് ഹൈക്കോടതി അറിയിച്ചിരിക്കുകയാണ്. മേൽ സാഹചര്യത്തിൽ തുടർ നടപടി സംബന്ധിച്ച കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly